## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1956** — **17.06.2013 ൽ മറുപടിയ്ക്ക്**

### ബോധവൽക്കരണ പരിപാടികൾ

**ചോദ്യം**

**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. റ്റി.യു.കുരുവിള**
**ശ്രീ. സി.എഫ്.തോമസ്**

**മറുപടി**

**കുമാരി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) യുവജനങ്ങളിലും, വിദ്യാർത്ഥികളിലും മൂല്യബോധം വളർത്തുന്നതിനും, അവരെ വെല്ലുവിളികളെ അതിജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ഗ്രാമപ്രദേശങ്ങളിലുള്ള ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;<br><br>(ബി) ഇത്തരം ഗ്രാമീണ ക്ലബ്ബുകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ പരിശീലനം, ബോധവൽക്കരണ പരിപാടി, കാർഷിക വികസന പദ്ധതികൾ തുടങ്ങിയവയ്ക്ക് ധനസഹായം നൽകി വരുന്നു. യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. ക്ലബ്ബുകൾ നൽകുന്ന വിവിധ പ്രോജക്ടുകൾക്ക് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ അംഗീകാരത്തോടുകൂടി ധനസഹായം നൽകുന്നുണ്ട്. യൂത്ത് ക്ലബ്ബുകൾക്ക് ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദിനാചരണം സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം എന്നിവയും നൽകി വരുന്നു. കൂടാതെ സംസ്ഥാനയുവജനക്ഷേമ ബോർഡ് മുഖേന എല്ലാ ജില്ലകളിലും 5 ദിവസം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തുവാനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ